LIBRARY ARCHIVES Kerala Legislative Assembly

കടാശ്വാസം നൽകാൻ നടപടി

217 (509) ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നാക്ക വിഭാഗ കോർപ്പറേഷൻ, വനിതാവികസന കോർപ്പറേഷൻ, മറ്റ് വിവിധ ധനകാര്യ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽനിന്നും കടമെടുത്ത് തിരിച്ചടയ്ക്കാൻ കഴിയാതെ വന്നിട്ടുള്ള മത്സ്യത്തൊഴിലാളികൾക്കും അവരുടെ ആശ്രിതർക്കും കടാശ്വാസം നൽകാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ആലപ്പുഴ ജില്ലയിൽ നൂറനാട് ഗ്രാമപഞ്ചായത്തിൽ പടനിലം ഏലിയാസ് നഗർ ശ്രീമതി ക്ലാരമ്മ ബഹു. മന്ത്രിക്ക് ബോധിപ്പിച്ചിട്ടുള്ള അപേക്ഷയിന്മേൽ അവരുടെ കടബാധ്യത എഴുതി തള്ളാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കടാശ്വാസത്തിനായി മത്സ്യത്തൊഴിലാളികൾ സമർപ്പിച്ച അപേക്ഷകളിൽ രേഖപ്പെടുത്തിയിട്ടുള്ള വിഭിന്നങ്ങളായ വായ്പകളെ, വായ്പകൾ നൽകിയ സ്ഥാപനങ്ങൾ അടിസ്ഥാനമാക്കിയാണ് കമ്മീഷൻ കടാശ്വാസത്തിനായി പരിഗണിക്കുന്നത്. പിന്നാക്ക വിഭാഗ കോർപ്പറേഷൻ, വനിതാ വികസന കോർപ്പറേഷൻ എന്നിവ ഉൾപ്പെടെ 2008-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ നിയമത്തിലെ 2(ix) വകുപ്പിൽ നിർവ്വചിക്കുന്ന ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും മത്സ്യത്തൊഴിലാളികൾ എടുത്തിട്ടുള്ളതും ടി നിയമത്തിലെ 2(v) വകുപ്പിലെ 'കടം' എന്ന പദത്തിന്റെ നിർവ്വചനത്തിൽപ്പെടുന്നതുമായ വായ്പകൾക്കു കൂടി കടാശ്വാസം അനുവദിക്കണമെന്ന കമ്മീഷന്റെ ശുപാർശ 6-12-2010-ലെ (പി)91/2010/മത്സ്യ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

(ബി) ആലപ്പുഴ, പടനിലം, ഏലിയാസ് നഗർ, കിടങ്ങയത്തെ ശ്രീമതി ക്ലാരമ്മ സമർപ്പിച്ച 5-4-2010-ലെ അപേക്ഷ പരിശോധിച്ചതിൽ വായ്പ ഫർണിച്ചർ ബിസ്സിനസ്സാണെന്ന് കാണുകയും അത് 2008-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ നിയമത്തിലെ 2(v) വകുപ്പിൽ നിർവചിച്ചിട്ടുള്ള കടങ്ങളുടെ പരിധിയിൽ വരുന്നില്ലെന്ന വിവരം 18-11-2010-ലെ 398/ബി/2010/കെഎസ്എഫ്ഡിആർസി നമ്പർ കത്ത് പ്രകാരം ഹർജിക്കാരിയെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

മത്സ്യത്തൊഴിലാളി കടാശ്വാസം നൽകുന്നതിനുള്ള മാനദണ്ഡം

218 (510) ശ്രീ. ബി. ബാബുപ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ പരിധിയിൽവരുന്ന മത്സ്യത്തൊഴിലാളികളെ നിശ്ചയിച്ചതിന്റെ മാനദണ്ഡം എന്താണ്;

(ബി) റേഷൻ കാർഡിൽ മത്സ്യത്തൊഴിലാളി എന്ന് രേഖപ്പെടുത്തിയവരെയോ വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലോ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മെമ്പർഷിപ്പിന്റെയോ അടിസ്ഥാനത്തിലോ കടാശ്വാസ കമ്മീഷൻ അപേക്ഷ സ്വീകരിച്ചിരുന്നോ;

(സി) എങ്കിൽ ഇക്കാര്യത്തിലുള്ള നടപടിക്രമങ്ങൾ ഏതുവരെയായി ; വിശദമാക്കുമോ?

ഉത്തരം

(എ) 2008-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മിഷൻ ആക്ടിലെ വ്യവസ്ഥകൾ പ്രകാരം.

(ബി) 2008-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ നിയമത്തിന്റെ 2(xiii) വകുപ്പ് പ്രകാരമുള്ള മത്സ്യത്തൊഴിലാളി എന്ന നിർവ്വചനത്തിന്റെ അടിസ്ഥാനത്തിൽ അപേക്ഷകരെ നേരിൽ കേട്ട് മത്സ്യത്തൊഴിലാളി എന്ന് കണ്ടെത്തിയവരുടെ അപേക്ഷകളാണ് കമ്മീഷൻ പരിശോധിച്ചത്.

(സി) മത്സ്യഫെഡ് വഴി ഹഡ്കോ പ്രകാരമുള്ള ഭവനനിർമ്മാണത്തിനും എൻ.സി.ഡി.സി. വഴി മത്സ്യബന്ധനോപകരണങ്ങൾ വാങ്ങുന്നതിനും എടുത്ത 26.86 കോടി രൂപയുടെ കടങ്ങൾ ഒന്നാം ഘട്ടമായി എഴുതിതള്ളുകയും രണ്ടാം ഘട്ടമായി സഹകരണ സ്ഥാപനങ്ങൾ വഴിയായും മത്സ്യഫെഡ് വഴിയായും മത്സ്യത്തൊഴിലാളികൾ എടുത്ത 253.59 കോടി രൂപയുടെ കടങ്ങൾ എഴുതി തള്ളുന്നതിന് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. ഇതുവഴി ഏകദേശം 1,20,000 മത്സ്യത്തൊഴിലാളികൾക്ക്പ്രയോജനം ലഭ്യമാകും. രണ്ടാമത്തെ ഘട്ടമായി അനുവദിച്ച 253.59 കോടി രൂപയിൽ 100 കോടി രൂപ ഈ വർഷം തന്നെ അനുവദിക്കും.

കടാശ്വാസ കമ്മീഷന് കൈമാറിയ തുക

289 (5ന) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി കടാശ്വാസത്തിനുവേണ്ടി സർക്കാർ എത്ര കോടി രൂപ കടാശ്വാസ കമ്മീഷന് കൈമാറിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) കടം എഴുതിത്തള്ളണമെന്നാവശ്യപ്പെട്ട് കടാശ്വാസ കമ്മീഷന് എത്ര അപേക്ഷകൾ ലഭിച്ചുവെന്നും ഇതിൽ എത്ര അപേക്ഷകളിൽ തീർപ്പു കൽപ്പിച്ചുവെന്നും വ്യക്തമാക്കുമോ;

(സി) അപേക്ഷകളിൽ തീർപ്പു കൽപ്പിക്കുന്നതിൽ കാലതാമസമുണ്ടാവുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly